# പരിശോധനാ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് – ഗ്രേഡ് 1 അഞ്ചൽ

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01.04.08 മുതൽ 31.03.2011 വരെ |
| പരിശോധനാ തീയതി | : | 27.01.16 മുതൽ 30.01.16 |
| പരിശോധനാ വിഭാഗം | : | ഫിൻ ഡി ആഡിറ്റ് വിഭാഗം |
| പരിശോധനാ കാലയളവിലെ ഉദ്യോഗസ്ഥർ | : | |

1. ശ്രീ. ജി. പ്രഭാകരക്കുറുപ്പ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I 24.07.07 മുതൽ 19.06.12 വരെ

**ആമുഖം**

**മുൻപരിശോധന സംബന്ധിച്ച്**

A. **വകുപ്പ്തല പരിശോധന**

2008-09 മുതൽ 2014-15 വരെ വകുപ്പുതല പരിശോധന നടത്തിയിട്ടില്ലയെന്നു കാണുന്നു. 01.04.03 മുതൽ 31.03.08 വരെയുള്ള കാലയളവിലെ ഫിൻ ബി1-10023/08 നമ്പർ റിപ്പോർട്ടിലെ നടപടികൾ 29.08.2011 ൽ തീർപ്പാക്കിയിട്ടുണ്ട്. അതുപോലെ 01.01.2003 മുതൽ 31.03.04 വരെയുള്ള കാലയളവിലെ റിപ്പോർട്ടിലെ നടപടികൾ ഫിൻ ബി1-14736/04 തീയതി : 03.09.11 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

B. **എ.ജിയുടെ പരിശോധന**

OA HQ IV/II/12-604/08-09 നമ്പർ റിപ്പോർട്ടിലെ Part II A-I, B-I, II III, IV, ഖണ്ഡികൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. 01.11.2014 മുതൽ 31.10.2015 വരെയുള്ള കണക്കുകൾ OA (HQ) IV/II/11-12/150/15-16/582/ Dated 10.12.2015 പ്രകാരം പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

സ്ഥാപനത്തിലെ 01.04.08 മുതൽ 31.03.11 വരെയുള്ള കാലയളവിലെ കണക്കുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു. ആയവ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. **ക്യാഷ്ബുക്കും അനുബന്ധരേഖകളും**

താഴെ പറയുന്ന ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

എ) ബില്ലുകളുടെ പൂർണവിവരങ്ങൾ ബിൽബുക്കിലും ക്യാഷ്ബുക്കിലും രേഖപ്പെടുത്തുന്നില്ല.

ബി) പണംപറ്റ് രസീതുകൾ ക്യാഷ്ബുക്കിന്റെ പേജുകളിൽ പതിച്ചിരിക്കുന്നു.

സി) ട്രഷറിയിൽ നിന്നും മാറിയ ചെയ്ത തുകകൾ ക്യാഷ്ബുക്കിൽ വരവ് ചേർത്തിട്ടില്ല.

Eg. EPB/1008-09 Rs. 6847/- C/o 01.11.08

EPB/1008-09 Rs. 6263/- C/o 07.03.09

ഡി) ക്യാഷ്ബുക്കിൽ ധാരാളം തിരുത്തലുകൾ വരുത്തിയിരിക്കുന്നു. Eg. Vol. 5 Page No.7, 30, 92, VOl 6 Page No 78, Vol. 7 Page No 7,8,9,10,49,51,59

ഇ) ക്യാഷ് ബുക്കിൽ വൈറ്റ്നർ പ്രയോഗിച്ചിരിക്കുന്നു. Eg. Vol.5 page 39,42,46, Vol.6 page 5, 16, vol 7 page 12,49

എഫ്) ക്യാഷ്ബുക്കിലെ പേജുകൾ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം റദ്ദ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു. Eg. Vol.5 page 2,33,63,79,89, Vol. 6 page 2,3,4,14,25,39,41,54,66,81,83,84, Vol.7 page 11,49.

മേൽ ന്യൂനതകൾ വരുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

പരിശോധനാ ദിവസം 160000/- രൂപ ക്യാഷായി നീക്കിയിരിപ്പുണ്ട്.

2. <u>അക്വിറ്റൻസുകൾ</u>.

എ) <u>എസ്റ്റാ സ്റ്റാഫ്</u> :- 07.03.09, 01.11.08 തീയതികളിലെ തുക വിതരണ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത ഫോമിലുള്ള അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

ബി) <u>പ്രൊമോട്ടേഴ്സ്</u> : - വിതരണ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. എ) <u>ചല്ലാൻ ഫയൽ</u>: - ചല്ലാൻ ഫയൽ പരിപാലിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

ബി) <u>TR-5 രസീത്</u>: - സ്ഥാപനത്തിൽ TR-5 രസീത് ഉപയോഗിക്കുന്നില്ല. കേന്ദ്രീകൃത നമ്പറിന് സിസ്റ്റമുള്ള TR-5 രസീത് ബുക്ക് വാങ്ങി ഉപയോഗിക്കേണ്ടതാണ്.

4. എ) <u>ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ</u> :- പ്രസ്തുത രജിസ്റ്റർ പരിപാലിച്ച് വിവരം അറിയിക്കേണ്ടതാണ്. 1997 മുതലുള്ള അസ്സൽ പ്രമാണങ്ങൾ സൂക്ഷിച്ചു വരുന്നു. പ്രസ്തുത ആധാരങ്ങൾ വർഷം തിരിച്ച് രജിസ്റ്ററിൽ ചേർക്കുകയും ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി) ഇന്കംബൻഡന്റ് രജിസ്റ്റർ :- പ്രസ്തുത രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

സി) സർവ്വീസ് ബുക്ക് രജിസ്റ്റർ : - പരിപാലിക്കുന്നില്ല.

ഡി) <u>പേബിൽ രജിസ്റ്റർ</u>: - പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്

ഇ) <u>കണ്ടിൻജന്റ് രജിസ്റ്റർ</u> : -പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കാരണം അറിയിക്കേണ്ടതാണ്.

എഫ്) <u>അലോട്ട്മെന്റ് രജിസ്റ്റർ</u> : - പരിപാലിക്കുന്നു.

ജി) <u>ഫർണിച്ചർ രജിസ്റ്റർ</u> : - പരിപാലിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

എച്ച്) <u>സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ</u> : -

പരിശോധനാ ദിവസമായ 27.01.16 ന് 7 രൂപയുടെ സർവ്വീസ് സ്റ്റാമ്പ് നീക്കിയിരിപ്പുള്ളതായി ബോധ്യമായി. ദ്വൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

ഐ) ഡിഡി രജിസ്റ്റർ

പരിശോധന കാലയളവിൽ പദ്ധതി ആനുകൂല്യങ്ങൾ എല്ലാം തന്നെ ക്യാഷായി മാറ്റി വിതരണം നടത്തിയിരുന്നു. ആകയാൽ ഡിഡി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ധനസഹായ തുകകൾ ഡിഡി ആയി വിതരണം ചെയ്യാതിരുന്നതിന്റെ താരണം അറിയിക്കേണ്ടതാണ്.

5. <u>വിവിധപദ്ധതികളുടെ ആനുകൂല്യ വിതരണ രജിസ്റ്ററുകൾ</u>

വിവിധ ആനുകൂല്യ വിതരണത്തിനായി പ്രത്യേകം രജിസറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവ പരിപാലിക്കാത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

1. ഭവന നിർമ്മാണ ധനസഹായ വിതരണ രജിസ്റ്റർ

   പ്രസ്തുത രജിസ്റ്റർ ശരിയാം വണ്ണം പരിപാലിച്ചു വരുന്നു. മറ്റ് പരാമർശമില്ല.

2. പാരലൽ കോളേജ് ആനുകൂല്യ വിതരണ രജിസ്റ്റർ

   2008 - 09 കാലയളവിലെ ആനുകൂല്യ വിതരണ സംക്ഷിപ്തം എഴുതി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ചികിത്സാധനസഹായ വിതരണ രജിസ്റ്റർ

   വിതരണ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

4. അയ്യൻകാളി സ്കോളർഷിപ്പ് ആനുകൂല്യവികൃതരണ രജിസ്റ്റർ

   വിതരണ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിൽ രജിസ്റ്റർ

   31.03.09 ൽ CB 59/self/08-09 പ്രകാരം 50000/- രൂപ തുക മാറിയിട്ട് 18.05.09 ന് വിതരണം നടത്തിയിരിക്കുന്നു. ഇപ്രകാരം ആനുകൂല്യ വിതരണത്തിന് കാലതാമസമുണ്ടായതിന്റെ കാരണം അറിയിക്കേണ്ടതാണ്.

6. വിവാഹ ധനസഹായ വിതരണ രജിസ്റ്റർ

   CB No . 9/M.G./09-10 പ്രകാരം 130000/- രൂപ 24.06.09 ൽ തേർച്ച ചെയ്തിട്ട് 03.12.09 ൽ 1000/- രൂപ വിതരണം ചെയ്യുവാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്.

7. ഭൂരഹിത പുനരധിവാസ പദ്ധതി

   പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം വിതരണം ചെയ്തതു സംബന്ധിച്ച സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

6. <u>വിവധ പദ്ധതികൾ സംബന്ധിച്ച്</u>

പരിശോധനാ കാലയളവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടില്ല.

1. പ്രി- പ്രൈമറ എയ്ഡ്
2. വിജ്ഞാൻവാടി
3. സ്വയംപര്യാപ്തഗ്രാമം
4. വിഷൻ 2012
5. ടോയ്‌ലറ്റ് ധനസഹായം
6. വീട് അറ്റകുറ്റപ്പണി
7. EBT IX, X
8. നഴ്സറി സ്ക്കൂൾ (ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്നില്ല.)
9. പ്രീ- മെട്രിക് സ്ക്കൂൾ (ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്നില്ല.)

എ) ഭൂരഹിത ഭവന രഹിത പുനരധിവാസ ധനസഹായ പദ്ധതി

2008 - 09 വർഷം ഭൂരഹിത ധനസഹായം 7 പേർക്ക് നൽകിയിരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ പേരിലുള്ള ധനസഹായ അപേക്ഷാ ഫോറം പൂരിപ്പിച്ച് വാങ്ങി സൂക്ഷിച്ചിട്ടില്ല. അതിനു പകരം ''ജനകീയാസൂത്രണം 2 - ാം ഘട്ടം 2008 - 09'' എന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷാ ഫോറത്തിലുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ധനസഹായം വിതരണം നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

2009 - 10 ൽ 41 പേർക്കും 2010 - 11 ൽ 80 പേർക്കും ധനസഹായം അനുവദിച്ചു നൽകി. വിനിയോഗ രേഖകൾ അയച്ചു കൊടുത്തതായി കാണുന്നില്ല. കൂടാതെ പല കരാർ പത്രങ്ങളിലും ബന്ധപ്പെട്ട ആഫീസർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഉദാ : മോഹനൻ, പനയഞ്ചേരി, അഞ്ചൽ പി.ഒ., ആനുകൂല്യ വിതരണ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | നിരക്ക് | തുക |
|---|---|---|---|
| 2008 - 09 | 7 | 45000/- | 315000/- |
| 2009 - 10 | 41 | 75000/- | 3075000/- |
| 2010 - 11 | 80 | 75000/- | 6000000/- |

ബി) ചികിത്സാ ധനസഹായ വിതരണം

2008 - 09 വർഷം മുതൽ 2010 - 11 വരെ ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും ധനസഹായ വിതരണം നടത്തി വന്നിരുന്നു. ഇപ്പോൾ ബ്ലോക്കാ പട്ടികജാതി വികസന ആഫീസ് മുഖേന വിതരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സി) സ്വയം തൊഴിൽ ധനസഗായ പദ്ധതി

2008 - 2009 വർഷം 2 പേർക്ക് 150000/- രൂപ സബ്സിഡി അനുവദിച്ചു നൽകിയിരുന്നു. വസ്ത്ര വ്യാപാരത്തിനും ചെണ്ടമേളത്തിനും ആണ് പ്രസ്തുത സബ്സിഡി അനുവദിച്ചിട്ടുള്ളത്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു ചൊടുത്ത് വിവരം അിറയിക്കേണ്ടതാണ്. 2009 - 10 വർഷം ഒരാൾക്ക് 10,000/- രൂപയും 2010 - 11 ൽ ഒരാൾക്ക് 33333 രൂപയും തയ്യൽ യൂണിറ്റ് തുടങ്ങുന്നതിന് സബ്സിഡി അനുവദിച്ചിരുന്നു.

ഡി) വൃത്തിഹീനതൊഴിലിൽ ധനസഹായം

2008 - 09 വർഷം 11340/- രൂപ 12 പേർക്കായി സ്കോളർഷിപ്പ് ഇനത്തിൽ വിതരണം നടത്തി. ടി ഗുണഭോക്താക്കളുടെ ലംപ്സംഗ്രാന്റ് തുക കുറവു വരുത്തിയിട്ടുണ്ട്.

ഇ) മിശ്രവിവാഹ ധനസഹായം

ആഡിറ്റ് കാലയളവിലെ ആനുകൂല്യ വിതരണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കൾ | നിരക്ക് | തുക |
|---|---|---|---|
| 2008 - 09 | 4 | 20000 | 80000 |
| 2009 - 10 | 6 | 50000 x4<br>20000x2 | 240000 |
| 2010 - 11 | 6 | 50000 | 300000 |

**എഫ്) വിവാഹ ധനസഹായം**

ആഡിറ്റ് കാലയളവിൽ ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കൾ | നിരക്ക് | തുക |
|---|---|---|---|
| 2008 - 09 | 23 | 5000 | 115000 |
| 2009 - 10 | 32 | 10000 | 320000 |
| 2010 - 11 | 20 | 20000 x 6<br>10000 x 14 | 260000 |

**ജി) സ്പെഷ്യൽ ഇൻസെന്റീവ്**

ആഡിറ്റ് കാലയളവിൽ പ്രസ്തുത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയിട്ടില്ലായെന്നു കാണുന്നു.

**എച്ച്) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

2008 - 09 ൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിട്ടില്ല. 2009 - 10 ഒരാൾക്ക് 2500 രൂപയും 2010 - 11 ൽ ഒരാൾക്ക് 4500/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

**ഐ) ലംപ്സംഗ്രാന്റ് വിതരണം സംബന്ധിച്ച്**

2010 - 11 അദ്ധ്യയന വർഷത്തെ ലംപ്സംഗ്രാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമാക്കി വിവരം അറിയിക്കേണ്ടതാണ്. ലംപ്സംഗ്രാന്റ് തുകകൾ മുൻകൂറായി മാറുകയും വിതരണശേഷം തുക ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാന്റ് വിനിയോഗം പട്ടികയായി ചുവടെ ചേർക്കുന്നു

| വർഷം | എസ്.സി. കുട്ടികൾ | തുക | ഒ.ഇ.സി കുട്ടികൾ | തുക |
|---|---|---|---|---|
| 2008-09 | 4196 | 1240665 | 576 | 138160 |
| 2009-10 | 3865 | 114795 | 614 | 147380 |
| 2010-11 | 4318 | 1371445 | 672 | 154246 |

**ജെ) പാരലൽ കോളേജ് ആനുകൂല്യ വിതരണം**

ആനുകൂല്യ വിതരണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | എസ്.സി. കുട്ടികൾ | തുക | ഒ.ഇ.സി കുട്ടികൾ | തുക |
|---|---|---|---|---|
| 2008-09 | 26 | 157105 | 8 | 49192 |
| 2009-10 | 33 | 195277 | 9 | 34393 |
| 2010-11 | 30 | 174686 | 9 | 54914 |

കെ) ദുർബല വിഭാഗ പുനരധിവാസ പദ്ധതി

2008 - 09 വർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയിട്ടില്ലായെന്നു കാണുന്നു. 2009 - 10, 1020 - 11 വർഷങ്ങളിലെ വിതരണ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വീട് | തുക | വസ്തു | തുക |
|---|---|---|---|---|
| 2009-10 | 3 | 231250 | 3 | 375000 |
| 2010-11 | 7 | 315000 | 4 | 500000 |

എൽ) അധികകേന്ദ്രസഹായം (വേടർ)

2009 - 10 വർഷം 7 പേർക്ക് 830000/- രൂപ വസ്ത വാങ്ങുന്നതിനും 8 പേർക്ക് 1200000/-രൂപ വീട് വയ്ക്കുന്നതിനും അനുവദിച്ചു നൽകിയിട്ടുണ്ട്. 2010 - 11 വർഷം 7 പേർക്ക് വീടിനുള്ള ധനസഹായമായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

എം) ഭവനനിർമ്മാണ ധനസഹായം

2007 - 08 മുതൽ 2015 - 16 വരെയുള്ള കാലയളവിലെ ഭവന നിർമ്മാണ പുരോഗതി റിപ്പോർട്ട് പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
|---|---|---|---|---|
| 2007-08 | 139 | 3 | 5 | 4 |
| 2008-09 | 199 | 6 | 13 | 14 |
| 2009-10 | 100 | 5 | 11 | 9 |
| 2010-11 | 114 | 12 | 8 | 9 |
| 2011-12 | 22 | 4 | 3 | 0 |
| 2012-13 | 38 | 5 | 4 | 3 |
| 2013-14 | 101 | 5 | 22 | 8 |
| 2014-15 | 31 | 5 | 8 | 12 |
| 2015-16 | 50 | 38 | 10 | 2 |

**7. സർവ്വീസ് പുസ്തകം.**

ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ യു.ഡി ക്ലാർക്കായ ശ്രീ. ജയകുമാറിന്റെ സേവനപുസ്തകം ശരിയായി എഴുതി പരിപാലിച്ച് സൂക്ഷിക്കുന്നുണ്ട് മറ്റ് പരാമർശമില്ല.

**8. പൊതു അഭിപ്രായം**

ആഫീസിന്റെ കീഴിൽ മറ്റ് സ്ഥാപനങ്ങൾ യാതൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഓഫീസിന്റെ ഭൗതിക സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇന്റർനെറ്റ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്. അപ്രന്റീസ് ക്ലാർക്കിന്റെ സേവനം ആവശ്യമാണെന്നു കാണുന്നു.

സീനിയർ ഫിനാൻസ് ഓഫീസർ

RM